# ഏലൂർ മുനിസിപ്പാലിറ്റി

മുനിസിപ്പൽ ബിൽഡിംഗ്
ഉദ്യോഗമണ്ഡൽ
പിൻ – 683501

ഫോൺ ഓഫീസ് : 0484-2545559
സെക്രട്ടറി : 0484-2545669
E-mail ID : eloormunicipality@gmail.com


"ഭരണഭാഷ–മാതൃഭാഷ"

PW2-6319/18

22.06.2018

സദയം പ്രസിദ്ധീകരണത്തിന്

# ഏലൂർ വടക്കൻ മേഖല വെള്ളക്കെട്ടിൽ – പരിഹാര നിർദ്ദേശങ്ങളുമായി ജില്ലാ ദുരന്ത നിവാരണ സമിതി

ഏലൂർ നഗരസഭയിലെ വിവിധ പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തോടനുബന്ധിച്ച് നഗരസഭാ ചെയർപേഴ്സൺ ശ്രീമതി സി. പി. ഉഷ, വൈസ് ചെയർമാൻ ശ്രീ. എം. എ. ജെയിംസ്, ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്)ശ്രീമതി പി. ഡി. ഷീലാദേവി, പിസി.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ശ്രീലക്ഷ്മി, ഡിസാസ്റ്റർ മാനേജ്മെന്റ് സൂപ്രണ്ട് ശ്രീ. നൂറുള്ള, വില്ലേജ് ഓഫീസർ ശ്രീ. ജോസ്മോൻ തുടങ്ങിയവർ ഏലൂർ ഗവ. എൽ.പി. സ്കൂളിൽ ആരംഭിച്ച വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പ്, വെള്ളപ്പൊക്കം ഉണ്ടായ സ്ഥലങ്ങൾ 22.06.2018 തീയതി 11 മണിയ്ക്ക് സന്ദർശിച്ചു.

നഗരഭസയിലെ വിവിധ തോടുകളിലെ വെള്ളപ്പൊക്കകെടുതി മൂലം ദുരിതമനുഭവിക്കുന്നവരുടെ ബുദ്ധിമുട്ട് മനസ്സിലാക്കുകയും, തുടർന്ന് നഗരസഭയിലെ തോടുകൾ, വടക്കുംഭാഗത്തെ തോടുകൾ പുല്ലും കാടും വളർന്ന് നിൽക്കുന്നതിനാൽ നീരൊഴുക്ക് തടസ്സപ്പെടുകയും ആയതിനാൽ വീടുകളിൽ വെള്ളം കയറുകളയും, പാമ്പ് മറ്റ് ഇഴജന്തുക്കളും മൂലം സ്ഥലവാസികളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായ സാഹചര്യം വിലയിരുത്തി. നഗരസഭയിലെ തോടുകൾ അടിയന്തിരമായി ശുചിയാക്കിയാൽ മാത്രമേ പ്രസ്തുത വിഷയത്തിന് പരിഹാരം ഉണ്ടാകൂ എന്ന് നഗരസഭാ ചെയർപേഴ്സനും, വൈസ് ചെയർമാനും അറിയിച്ചു. ഇതിലെ ചില സാങ്കേതിക തടസ്സങ്ങൾ ചൂണ്ടികാണിച്ച പി.സി.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ഫോണിൽ സംസാരിക്കുകയും ദുരിതത്തിലാണ്ട ജനങ്ങളുടെ ജീവനും, സ്വത്തിനുമാണ് അടിയന്തിര പരിഗണന നൽകേണ്ടത് എന്നുള്ളതിനാൽ തോടുകളുടെ നീരൊഴുക്ക് സുഗമമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പി.സി.ബി. ചെയർമാനുമായി പി.സി.ബി.

എഞ്ചിനീയർ പ്രസ്തുത വിഷയം സംബന്ധിച്ച് സംസാരിക്കുകയും വെള്ളക്കെട്ട് മൂലം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായ സാഹചര്യം ഉള്ളതിനാൽ പി.സി.ബി. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നഗരസഭയിലെ കുഴിക്കണ്ടം ഉൾപ്പെടെയുള്ള തോടുകളുടെ നീരൊഴുക്ക് ഉറപ്പാക്കുവാൻ തോടുകളിലെ ഇരുവശങ്ങളിലും വളർന്ന് നിൽക്കുന്ന പല്ലുകളും, കാടുകളും ജെ.സി.ബിയോ, മറ്റ് യന്ത്രോപകരണങ്ങളോ ഉപയോഗിക്കാതെ തൊഴിലാളികളേയും സന്നദ്ധ പ്രവർത്തകരേയും ഉപയോഗിച്ച് നീക്കം ചെയ്യുന്നതിനും ആയതിനുള്ള ചിലവുകൾ നഗരസഭയിൽ നിന്ന് വഹിക്കുവാനും ബഹു. ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്), ബഹു. ഫോർട്ട് കൊച്ചി ആർ.ഡി.ഒ.–യും നിർദ്ദേശം നൽകി.

നഗരസഭയിലെ ആശ്രയ ഭവനങ്ങൾ കടുത്ത വെള്ളക്കെട്ടിലായതിനാൽ ജില്ലാ ഭരണകൂടത്തിന്റേയും, നഗരസഭയുടേയും നേതൃത്വത്തിൽ നഗരസഭയിലെ ഗവ. എൽ.പി. സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ അവരെ പുനരധിവസിപ്പിച്ചിട്ടുള്ളതാണ്

നഗരസഭയിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിയ്ക്കണമെന്ന് ആവശ്യപ്പെട്ട് നഗരസഭാ വൈസ് ചെയർമാൻ ശ്രീ. എം. എ. ജെയിംസ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 23.06.2018 തീയതി ശനിയാഴ്ച നഗരസഭാ അടിയന്തിര കൗൺസിൽ ചേരുന്നതിന് നഗരസഭാ ചെയർപേഴ്സൺ നിർദ്ദേശം നൽകി.

**മുനിസിപ്പൽ ചെയർപേഴ്സൺ**
ഏലൂർ നഗരസഭ